ഉത്തരം

(എ) ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി 31-12-2010 വരെയാണ്.

(ബി) 1-7-2009 മുതൽ പ്രാബല്യത്തോടെ 1-4-2011 മുതൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) കുടിശ്ശിക ക്ഷാമബത്ത അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ ഇതുവരെ തീരുമാനം എടുത്തിട്ടില്ല.

(ഡി & ഇ) റിപ്പോർട്ട് ലഭിച്ചശേഷമേ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

ശമ്പള കമ്മീഷൻ ശുപാർശകൾ

166 (232) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി രൂപീകരിച്ച ശമ്പള കമ്മീഷന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ ;

(ബി) ശമ്പള കമ്മീഷൻ ശുപാർശകൾ എന്നു നടപ്പിൽ വരുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 1-7-2009 മുതൽ പ്രാബല്യത്തോടെ 1-4-2011 മുതൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.

ജീവനക്കാരുടെ ശമ്പള വിതരണം

167 (233) ശ്രീ. വർക്കല കഹാർ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണത്തിൽ ഈ സർക്കാർ വന്നശേഷം എന്തൊക്കെ പരിഷ്കാരങ്ങളാണ് ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ ;

(ബി) സർവ്വീസ് & പേറോൾ അഡ്മിനിസ്ട്രേറ്റീവ് റിപ്പോസിറ്ററി ഫോർ കേരള (SPARK) എന്ന ശൃംഖലയിലൂടെ ജീവനക്കാരുടെ ശമ്പള വിതരണം കമ്പ്യൂട്ടർവത്ക്കരിക്കാനുള്ള പ്രവർത്തനങ്ങൾ ധനകാര്യവകുപ്പ് എന്നാണ് ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സംവിധാനം നടപ്പിലാക്കുമ്പോൾ ശമ്പള വിതരണം ATM ലൂടെ നടത്തുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly